JAGRATHA 110

Vol-3 No: 35
19-10-2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

## ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## കേരളം മദ്യത്തിന്റെ സ്വന്തം നാട്; കുടുംബങ്ങൾ അപകടത്തിൽ

ദൈവത്തിന്റെ സ്വന്തം നാട് ഇന്ന് മദ്യത്തിന്റെ സ്വന്തം നാടായി മാറി കഴിഞ്ഞു. ആളോഹരി ഉപഭോഗം കണക്കിലെടുക്കുമ്പോൾ ലോകത്ത് ഏറ്റവുമധികം മദ്യം ഉപയോഗിക്കുന്നത് കേരളത്തിലാണ്. ഇന്ത്യയിൽ ഏറ്റവിമധികം മദ്യം ചിലവഴിക്കുന്ന സംസ്ഥാനം കേരളമാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പുതിയ കണക്കുകൾ കഴിഞ്ഞ ദിവസം കേന്ദ്രമന്ത്രി അമ്പുമണി രാംദാസ് വെളിപ്പെടുത്തിയതുപ്രകാരം കേരളം കഴിഞ്ഞാൽ മഹാരാഷ്ട്രയിലാണ് കൂടുതൽ മദ്യം ഉപയോഗിക്കുന്നത്. മൂന്നാം സ്ഥാനം പഞ്ചാബിനാണ്. ഏറ്റവും കുറച്ച് മദ്യപാനികൾ ഉള്ളത് ജമ്മുകാശ്മീരിലാണ്. അവിടെ 12.1 ശതമാനം പേരാണ് മദ്യപിക്കുന്നത്.കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഒരുവർഷം അബ്കാരി ഇനത്തിൽ ലഭിക്കുന്നത് 21,600 കോടി രൂപയാണ്. മദ്യപാനം മൂലം നാടിനുണ്ടാകുന്ന നഷ്ടം കേന്ദ്രസർക്കാർ കണക്കാക്കിയതുപ്രകാരം 24,400 കോടിരൂപയും. മദ്യവിൽപ്പനയിൽനിന്നും സർക്കാർ പിന്തിരിഞ്ഞാൽ 2,800 കോടിരൂപ ലാഭമായി കണക്കാക്കാം. ആരോഗ്യപ്രശ്നങ്ങൾ, കുടിച്ച് ലക്ക് കെടുന്നതുമൂലമുള്ള വരുമാനനഷ്ടം, ജോലി ചെയ്യാതിരിക്കൽ തുടങ്ങിയ യാഥാർത്ഥ്യങ്ങൾ കൂടി കണക്കിലെടുത്താൽ നഷ്ടം വരുമാനത്തിന്റെ 60 ശതമാനത്തിലധികമാണ്. ഏതാനും മദ്യകച്ചവടക്കാർക്കും കുറച്ച് തൊഴിലാളികൾക്കും വേണ്ടി നാടിനെ കുട്ടിച്ചോറാക്കുന്ന സ്ഥിതിവിശേഷമാണ് മദ്യവ്യാപാരരംഗത്തുള്ളത്. ഇന്ത്യയിൽ 625 ലക്ഷം മദ്യപരുണ്ട്. 1970 മുതൽ 98 വരെയുള്ളകാലത്ത് 106.7 ശതമാനമായിരുന്നു മദ്യപാനവർദ്ധന. കേരളത്തിലത് 400 ശതമാനമായി കഴിഞ്ഞ പത്തുവർഷം കൊണ്ട് വർദ്ധിച്ചുകഴിഞ്ഞു.കേരളത്തിലെ ജനസംഖ്യയിൽ 17.20 ശതമാനം പേർ മദ്യപാനികളായി മാറിയിട്ടുണ്ട്. 47 ലക്ഷം പേർ മദ്യപിക്കുന്നതായി കണക്കാക്കപ്പെടുന്നു. ഇതിൽ 17 ലക്ഷം പേർ ദിവസവും മദ്യപിക്കുന്നവരാണ്. മദ്യപാനം കൊണ്ട് 8 ലക്ഷം പേർ കരൾരോഗികളായി മാറിക്കഴിഞ്ഞു. 3 ശതമാനം സ്ത്രീകളും ലഹരിശീലക്കാരാണ്.യുവജനങ്ങളുടെ ഇടയിൽ 60 ശതമാനവും മദ്യം ഉപയോഗിച്ചിട്ടുള്ളവരാണ്. ദേശീയതലത്തിൽ ആളോഹരി മദ്യപാനം നാല് ലിറ്ററാണെങ്കിൽ കേരളത്തിലത് 8.3 ലിറ്ററാണ്. പഞ്ചാബിലേതേ 7.9 ലിറ്ററും.1950 കളിൽ 28 വയസ്സുള്ളവരാണ് 28 വയസ്സുളളവരാണ് മദ്യപിക്കുന്നവരുടെ ശരാശരി പ്രായത്തിൽ ഉൾപ്പെട്ടിരുന്നത്. 1986 ൽ 19 വയസ്സുള്ളവരും മദ്യപിക്കാൻ തുടങ്ങി. 1990 ൽ 17കാരും 1995 ൽ 14 കാരും മദ്യപിക്കാൻ തുടങ്ങി. ഇപ്പോഴത് 13 വയസ്സിലെത്തിനിൽക്കുകയാണ്.

കേരളത്തിലെ മദ്യപരിൽ ഏറ്റവും കൂടുതൽ 21 നും 40 നും മധ്യേ പ്രായമുള്ളവരാണ്. ഇവരാണ് ഏറ്റവും കൂടുതൽ ആത്മഹത്യ ചെയ്യുന്നവർ. മദ്യപിക്കുന്ന സ്ത്രീകളുടെ എണ്ണത്തിൽ കഴിഞ്ഞ 10 വർഷത്തിനിടക്ക് നാലിരട്ടി വർദ്ദനവുണ്ടായിട്ടുണ്ട്. കേരളത്തിലെ വാഹനാപകടങ്ങളുടെ എണ്ണം പ്രതിദിനം 438 ആണ്. പ്രതിവർഷം 39,000 അപകടങ്ങൾ. പ്രതിവർഷം 2920 മരണം. പരിക്കേൽക്കുന്നവർ 50,000 കവിയും. വാഹനാപകടങ്ങളിൽ 40 ശതമാനവും മദ്യപാനം മൂലമാണ്. ദേശീയപാതയിലെ റോഡപകടങ്ങളിൽ 72 ശതമാനവും മദ്യപാനം മൂലമാണ്. കുറ്റകൃത്യങ്ങളുടെ ഇന്ത്യൻ ശരാശരി 175.6 ആണെങ്കിൽ കേരളത്തിലത് 306.5 ആണ്. ഭാര്യമാരെ ഉപദ്രവിക്കുന്ന ഭർത്താക്കന്മാരിൽ 85 ശതമാനവും മദ്യപാനികളാണ്. കുടുംബ ബഡ്ജറ്റിന്റെ 3 മുതൽ 45 ശതമാനം വരെ മദ്യപാനത്തിന് ചെലവാക്കപ്പെടുന്നുണ്ട്.

തലക്ക് പരിക്കേറ്റ് ആശുപത്രിയിൽ എത്തുന്നവരിൽ 37 ശതമാനവും മദ്യപാനികളാണ്. മനോരോഗങ്ങളിൽ 17.6 ശതമാനത്തിനും കാരണം മദ്യപാനമാണ്. ആത്മഹത്യയ്ക്ക് ശ്രമിച്ചവരിൽ 34 ശതമാനവും മദ്യപാനികളാണ്. അനധികൃതമായി ജോലിക്ക് ഹാജരാകാത്തവരിൽ 40 ശതമാനവും മദ്യപാനശീലക്കാരാണ്. കേരളത്തിലെ മദ്യപാനാസക്തിമൂലം അക്രമങ്ങൾ, അവയവങ്ങളുടെ തകരാർ, ക്യാൻസർ, ലൈംഗീക അതിക്രമങ്ങൾ, അകാലമരണം, ദാരിദ്ര്യം എല്ലാം വർദ്ധിക്കുകയാണ്. മദ്യപാനികളുടെ മക്കൾ വിഷാദമനസ്ക്കരും കുറ്റവാളികളും സാമൂഹ്യവിരുദ്ധരും ഒളിച്ചോട്ടക്കാരുമായി മാറുന്നു. കുടുംബബന്ധങ്ങൾ തകർന്നു തരിപ്പണമായി. ഭാവിതലമുറ ഇരുളിൽ ആയിക്കഴിഞ്ഞു. ഗോവയിലെപ്പോലെ മദ്യപാനപരതയിലേക്കും തത്തുല്യജീവിതസാഹചര്യങ്ങളിലേക്കും കേരളം നീങ്ങുകയാണ്. അടുത്തഘട്ടം സെക്സ് ടൂറിസമാണ്. തായ്‌ലന്റ് പോലെ കേരളവും വ്യഭിചാരകേന്ദ്രമാകും. ആത്മഹത്യ, കുറ്റകൃത്യങ്ങൾ, സ്ത്രീപീഡനങ്ങൾ, വാഹനാപകടം, ഗാർഹികപീഡനങ്ങൾ, മനോരോഗങ്ങൾ എല്ലാം ഇനി പെരുകും. സാർവത്രികമായ അലസതയുടെ, അരാജകത്വത്തിന്റെ കുടിച്ചുകിടപ്പുസംസ്ക്കാരത്തിലേക്കാണ് കേരളം നീങ്ങുന്നത്. ലോകത്തിലെ ഏതൊരു ഭരണകൂടവും പാലിക്കേണ്ട മൗലീക തത്വം പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്തുകയും നന്നാക്കുകയും ചെയ്യുന്ന നയങ്ങളാവിഷ്ക്കരിക്കുക എന്നതാണ്. നിർഭാഗ്യവശാൽ, ഇടതുസർക്കാരിന്റെ മദ്യനയം നിരപരാധികളെ വിഷം കൊടുത്തുകൊന്ന് പണം വാരുന്ന വികലവും ബുദ്ധിശൂന്യവുമായ നയമാണ്. ഒരു സമൂഹത്തിന്റെ ധാർമ്മിക നിലവാരം കാത്തുസൂക്ഷിക്കാനുള്ള ഉത്തരവാദിത്വം പ്രധാനമായും സർക്കാരിനാണ്. വരുമാനത്തെക്കുറിച്ച് മാത്രം ചിന്തിക്കാതെ സമൂഹത്തിലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ കൂടി പഠിച്ചുവേണം മദ്യനയം രൂപപ്പെടുത്താൻ. കുടുംബങ്ങൾ തകർന്നാലും നാട് മുടിഞ്ഞാലും കുറ്റകൃത്യങ്ങളും ആത്മഹത്യകളും പെരുകിയാലും പ്രശ്നമില്ലെന്ന് ഒരു ജനാധിപത്യസർക്കാർ കരുതരുത്. ജനക്ഷേമം ലക്ഷ്യം വയ്ക്കാതെ പ്രവർത്തിച്ചാൽ തലമുറകളോട് തന്നെ സമാധാനം പറയേണ്ടിവരും.

"കിട്ടാനുള്ള എളുപ്പമാണ് കുടിക്കാനുള്ള പ്രേരണ വർദ്ധിപ്പിക്കുന്നതെന്ന്" മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് മദ്യലഭ്യത വർദ്ധിപ്പിച്ച് കേരളീയരെ മദ്യാസക്തരാക്കുവാനുള്ള നീക്കങ്ങളിൽനിന്നും സർക്കാർ പിന്തിരിയണം. മനുഷ്യനെ മദ്യപാനാസക്തിയിൽ നിന്ന് രക്ഷിക്കണമെങ്കിൽ ആദ്യം ചെയ്യേണ്ടത് അതിന്റെ ലഭ്യത കുറയ്ക്കുകയാണ്. മദ്യ ഉപഭോഗത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന കേരളത്തിൽ മദ്യവിൽപ്പന നിയന്ത്രണ- നിരോധന നടപടികളാണ് ആവശ്യം. മദ്യവ്യാപാരരംഗത്ത് ശക്തരായ സ്പിരിറ്റ് ലോബിയുടെ തീരുമാനമാണ് നടപ്പാക്കുന്നതെന്ന് കേരള ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധേയമാണ്. സർക്കാർ ഇച്ഛാശക്തി പ്രകടിപ്പിക്കുകയും ഉദ്യോഗസ്ഥരെ കർമ്മനിരതരാക്കുകയും ചെയ്താൽ സ്പിരിറ്റ് കള്ളക്കടത്ത് ഒരു പരിധി വരെ തടയാൻ കഴിയും. അതോടൊപ്പം കള്ള് ഷാപ്പിൽ വ്യാജക്കള്ള് വിൽപ്പന പൂർണ്ണമായും തടയണം. ചാരായ നിരോധന നിയമം കർശനമായി നടപ്പാക്കണം. ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റും ജനനന്മ ആഗ്രഹിക്കുന്ന ഉദ്യോഗസ്ഥവൃന്ദവും സാമൂഹ്യക്ഷേമ തത്പരരായ സന്നദ്ധസംഘടനകളും ഈശ്വരഹിതത്തിന് പ്രാധാന്യം നൽകുന്ന മതസമൂഹങ്ങളും ഒത്തുചേർന്ന ലഹരിവിമുക്തമായ സമൂഹത്തിനായി യത്നിക്കണം.

**തയ്യാറാക്കിയത്: അഡ്വ. ചാർളി പോൾ**